**നിങ്ങൾക്ക് ഒരു പ്രൊഫഷണൽ നായ പരിശീലകൻ ആകണോ? നിങ്ങളുടെ നായക്കുട്ടിയെ ശാസ്ത്രീയമായി പരിശീലിപ്പിക്കണോ? ഇതാ വെറ്ററിനറി സർവകലാശാല അവസരം ഒരുക്കുന്നു!**

---

നായപരിപാലനം ഇഷ്ടമുള്ളവർക്കും, നായകളെ പരിശീലിപ്പിക്കുന്നത് ഒരു തൊഴിലാക്കാൻ ആഗ്രഹിക്കുന്നവർക്കും ഇതാ സുവർണാവസരം. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാല സംഘടിപ്പിക്കുന്ന "സർട്ടിഫൈഡ് പ്രൊഫഷണൽ ഡോഗ് ട്രെയിനിംഗ് പ്രോഗ്രാം" എന്ന ആറാഴ്ച നീളുന്ന പരിശീലന പരിപാടിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

നായകളുടെ അനുസരണ പരിശീലനം (Obedience), ഗ്രൂമിംഗ്, മണം തിരിച്ചറിയൽ പരിശീലനം (Detection), ട്രാക്കിങ് എന്നിവയോടൊപ്പം, നായകളുടെ ആരോഗ്യം, പെരുമാറ്റം, കെന്നൽ പരിപാലനം, പ്രഥമശുശ്രൂഷ, മൃഗക്ഷേമ നിയമങ്ങൾ എന്നിവയിലും ശാസ്ത്രീയ പരിശീലനം ലഭിക്കും.

വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ, പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്ന ഈ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരീക്ഷയ്ക്കുശേഷം സർവകലാശാലയുടെ അംഗീകൃത നായ പരിശീലകൻ സർട്ടിഫിക്കറ്റ് ലഭിക്കും.

**പ്രത്യേകതകൾ:**

കാലാവധി: ആറ് ആഴ്ച്ച (30 പ്രവൃത്തി ദിവസങ്ങൾ)

വിദ്യാഭ്യാസ യോഗ്യത: പത്താം ക്ലാസ്സ്. പരിശീലകർക്ക് സ്വന്തം നായ്ക്കുട്ടിയുമായി (3–5 മാസം, വാക്സിനേഷൻ എടുത്തത്) പങ്കെടുക്കാവുന്നതാണ്. സ്വന്തമായി നായ്ക്കുട്ടി ഇല്ലെങ്കിലും പങ്കെടുക്കാവുന്നതാണ്.

വേദി: വെറ്ററിനറി കോളേജ്, മണ്ണുത്തി, തൃശ്ശൂർ

പരിശീലന ഫീസ് - 40000 രൂപ (ഉച്ചഭക്ഷണം, ചായ, പരിശീലന കിറ്റ്, നയക്കുട്ടിക്കുള്ള താമസം, ഭക്ഷണം, ചികിത്സ തുടങ്ങിയ എല്ലാ ചിലവുകളും ഉൾപ്പടെ. താമസത്തിനുള്ള ചിലവ് പരിശീലനാർത്ഥികൾ വഹിക്കണം. രണ്ടാമത്തെ ബാച്ച് പരിശീലനം 2026 നവംബർ 9 ന് തുടങ്ങുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി – 05.10.2026.

സ്വയംതൊഴിലിനും പ്രൊഫഷണൽ അവസരങ്ങൾക്കും വഴിതുറക്കുന്ന ഈ പരിശീലനത്തിൽ ചേരാൻ ഇപ്പോൾ തന്നെ അപേക്ഷിക്കൂ.

കൂടുതൽ വിവരങ്ങൾക്ക്: 9605860005, 9495739119

ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള ലിങ്ക് - https://forms.gle/wNoouuKGcAaBi5TS9